# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2682 — 20/06/2013 ൽ മറുപടിക്ക്

**പത്താംക്ലാസ്സ് ഇംഗ്ലീഷ് മീഡിയത്തിലെ ചരിത്ര, ഭൂമിശാസ്ത്ര പുസ്തകങ്ങളിൽ വന്ന തെറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2013-14 അധ്യയനവർഷത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ഇംഗ്ലീഷ് മീഡിയം പത്താംക്ലാസ്സ് പാഠപുസ്തകങ്ങളിൽ ചരിത്ര, ഭൂമിശാസ്ത്രവിഷയങ്ങളിൽ വരുത്തിയ തെറ്റുകളും ആയത് മൂലമുണ്ടാകുന്ന ആശയക്കുഴപ്പവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ എന്തൊക്കെ തെറ്റുകളാണ് പ്രസ്തുത ചരിത്ര, ഭൂമിശാസ്ത്ര പുസ്തകങ്ങളിൽ വന്നിട്ടുള്ളത്; വിശദമാക്കുമോ;? | ബി) | വിശദമായ വിവരം അനുബന്ധമായി ചേരത്തിരിക്കുന്നു. |
| (സി) | ഈ അധ്യയനവർഷം എത്ര ലക്ഷം ചരിത്ര, ഭൂമിശാസ്ത്രപുസ്തകങ്ങളാണ് പത്താംക്ലാസ്സ് ഇംഗ്ലീഷ് മീഡിയത്തിൽ അച്ചടിച്ച് വിതരണം ചെയ്തത്; ഇതിനായി ചെലവഴിച്ച തുക എത്ര; വിശദമാക്കുമോ; | സി) | വിവരം ശേഖരിച്ചുവരുന്നു. |
| ഡി) | പ്രസ്തുത പാഠപുസ്തകങ്ങൾ റദ്ദാക്കി ശരിയായ പഠനം നടത്തി പുതിയപാഠപുസ്തകം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുവാൻ അടിയന്തിര നടപടി സ്വീക | ഡി) | പാഠപുസ്തകങ്ങളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തി പുതിയ പാഠപുസ്തകം കുട്ടികളിലും അദ്ധ്യാപകരിലും എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

രിക്കുമോ; വിശദമാക്കുമോ;

| | | | |
|---|---|---|---|
| (ഇ) | തെറ്റായവിധത്തിൽ പുസ്തകം തയ്യാറാക്കിയ ഉദ്യോഗസ്ഥരെ അടിയന്തിരമായി മാറ്റി നിർത്തി അന്വേഷണം നടത്തുന്നതിനും ശിക്ഷ നൽകുവാനും നിലവിലെ പുസ്തകം പിൻവലിച്ച് പുതിയ പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്ന വകയിൽ വിദ്യാഭ്യാസ വകുപ്പിന് വരുന്ന ചെലവ് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും നടപടി സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയവരിൽ നിന്നും വിശദീകരണം തേടി മേൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

സാമൂഹ്യശാസ്ത്രം പത്താം ക്ലാസിൽ സാമൂഹ്യശാസ്ത്രം I, സാമുഹ്യശാസ്ത്രം II എന്നിങ്ങനെ രണ്ടു പാഠപുസ്തകങ്ങളാണുള്ളത്. സാമൂഹ്യശാസ്ത്രം I ൽ ചരിത്രം (History), രാഷ്ട്രതന്ത്രം (Political Science), സമൂഹശാസ്ത്രം (Sociology) എന്നീ വിഷയങ്ങളും സാമൂഹ്യശാസ്ത്രം II ൽ ഭൂമിശാസ്ത്രം (Geography), സാമ്പത്തിക ശാസ്ത്രം (Economics) എന്നീ വിഷയങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പത്രത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പിശകുകളുടെ വിശദാംശങ്ങൾ വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്നു.

## ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ടവ

സാമൂഹ്യശാസ്ത്രം II ൽ പേജ് 93ൽ റൂർക്കേല സ്റ്റീൽപ്ലാന്റ് ജർമനിയുടെ സഹായത്തോടെ സ്ഥാപിച്ചു എന്നത് വസ്തുതാപരമായി ശരിയാണ്.

ഇന്ത്യൻ മഹാസമുദ്രത്തിന്റെ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ബംഗാൾ ഉൾക്കടലും എന്ന് മലയാളപുസ്തകത്തിൽ ശരിയായി നൽകിയിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് വിവർത്തനത്തിൽ ഇത് പരസ്പരം മാറിപ്പോയിട്ടുണ്ട്.

ആനമുടിയുടെ ഉയരം മലയാളം പുസ്തകത്തിൽ 2695 മീറ്റർ എന്ന് നൽകിയിരിക്കുന്നത് വസ്തുതാപരമായി ശരിയാണ്. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ ഇത് 2005 മീറ്റർ എന്ന് തെറ്റായി അച്ചടിച്ചിട്ടുണ്ട്.

നംഗപർവതത്തിന്റെ ഉയരം 8126 മീറ്റർ എന്ന് മലയാളം പുസ്തകത്തിൽ ശരിയായി നൽകിയിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് വിവർത്തനത്തിൽ ഇത് 8216 മീറ്റർ എന്ന് മാറിപ്പോയിട്ടുണ്ട്.

മൗണ്ട് കെ.ടു പർവതനിരയുടെ ഉയരം 8661 മീ എന്ന് പാഠപുസ്തകത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ചില ഗ്രന്ഥങ്ങളിൽ ഇത് 8611 മീറ്റർ എന്നും കാണുന്നുണ്ട്.

ഉത്തരമഹാസമതലത്തെ നാല് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു എന്ന് മലയാളം പാഠപുസ്തകത്തിൽ ശരിയായി നൽകിയിരിക്കുന്നു. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ ഇത് രണ്ട് ഉപവിഭാഗങ്ങളെന്നാണ് നൽകിയിരിക്കുന്നത്.

PTO

ആഫ്രിക്കയുടെ വിസ്തീർണം 30335000 ച.കി.മീ. എന്ന് ശരിയായി മലയാളം പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത് ഇംഗ്ലീഷ് പരിഭാഷയിൽ 3033500 എന്നായി മാറിപ്പോയിട്ടുണ്ട്.

ഇന്ത്യയിലെ പ്രധാനതുറമുഖങ്ങൾ 12 എന്ന് നൽകിയിട്ടുള്ളത് വസ്തുതാപരമായി ശരിയാണ്.

## സാമ്പത്തികശാസ്ത്രവുമായി ബന്ധപ്പെട്ടവ

ഐ.എം.എഫ് ന്റെ രൂപീകരണവർഷം 1945 എന്ന് ഇംഗ്ലീഷ് പരിഭാഷയിൽ ശരിയായി നൽകിയിട്ടുണ്ട്. എന്നാൽ മലയാളത്തിൽ ഇത് തെറ്റായി 1944 എന്ന് കാണിച്ചിരിക്കുന്നു.

ലോകബാങ്ക് നിലവിൽ വന്നത് 1944 എന്നതിനുപകരം 1945 എന്ന് തെറ്റായി നൽകിയിരിക്കുന്നു.

2009 ലെ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ സ്ഥാനം 134 എന്ന് ശരിയായി മലയാളപുസ്തകത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ ഇത് 34 എന്ന് തെറ്റായി കാണിച്ചിരിക്കുന്നു.

ഉറുഗ്വേ റൗണ്ട് 1986 ൽ തുടങ്ങി എന്ന് പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത് ശരിയാണ്.

## സാമൂഹ്യശാസ്ത്രം 1

പേജ് 108 ൽ റൂർക്കേല സ്റ്റീൽ പ്ലാന്റ് ബ്രിട്ടീഷ് സഹായത്തോടെ നിലവിൽ വന്നു എന്നാണ് പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത്. എന്നാൽ ഇത് ജർമനിയുടെ സഹായത്തോടെയാണ് നിലവിൽ വന്നത്.

പേജ് 110 ൽ ബഹിരാകാശ ഗവേഷണ സമിതി. 1962ൽ സ്ഥാപിതമായി എന്ന് ശരിയായി നൽകിയിരിക്കുന്നു. ഇംഗ്ലീഷ് വിവർത്തനത്തിൽ അത് In 1962 Indian Space Research Organisation was founded എന്നായി മാറിപ്പോയിട്ടുണ്ട്.

പേജ് 134 ൽ ഭരണഘടനയുടെ അംഗീകാരമുള്ള ഭാഷകൾ 22 ആണെന്ന് മലയാളം പുസ്തകത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് പരിഭാഷയിൽ 21 ആണെന്ന് തെറ്റായി കാണിച്ചിട്ടുണ്ട്.

പേജ് 172 ൽ വേൾഡ് ബാങ്കിന്റെയും ഐ.എം.എഫിന്റെയും രൂപീകരണം യഥാക്രമം 1944, 1945 വർഷങ്ങളിലാണ് എന്ന് കാണിച്ചിരിക്കുന്നത് ശരിയാണ്.

പേജ് 174 ൽ ഗാട്ട് കരാറുമായി ബന്ധപ്പെട്ട ഉറുഗ്വേ റൗണ്ട് ചർച്ചകൾ 1994 ൽ അവസാനിച്ചു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് 1986 ൽ തുടങ്ങി എന്ന് വിവരം നൽകിയിട്ടില്ല.

**മേൽ സൂചിപ്പിച്ച പിശകുകൾ വിദഗ്ധരുടെ സഹായത്തോടെ പരിശോധിച്ച് തിരുത്തി പാഠപുസ്തകങ്ങളിൽ ഉടൻ തന്നെ മാറ്റം വരുത്തുന്നതാണ്.**

Nusaria Bent